LIBRARY ARCHIVES Kerala Legislative Assembly

തമിഴ്നാടിന് വെള്ളം നൽകുന്ന ഡാമുകൾ

88 (685) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ഏതെല്ലാം അണക്കെട്ടുകളിൽ നിന്നാണ് തമിഴ്നാടിന് കേരള സർക്കാർ വെള്ളം കൊടുക്കുന്നത് ; അണക്കെട്ടുകളുടെ പേര് വ്യക്തമാക്കുമോ ;

(ബി) മേൽപ്പഞ്ഞ ഓരോ അണക്കെട്ടിലും നിന്നും 2009 വർഷം എത്ര അളവ് വെള്ളം കൊടുത്തു ; കൊടുക്കുന്ന വെള്ളത്തിന്റെ മാർക്കറ്റ് വില കണക്കാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ;

(സി) ഇത്തരത്തിൽ വെള്ളം കൊടുക്കുന്ന വകയിൽ ഓരോ ഡാമിൽ നിന്നും സർക്കാരിന് എന്ത് പ്രതിഫലം വീതം ലഭിച്ചിട്ടുണ്ടെന്ന് ഡാം തിരിച്ച് വ്യക്തമാക്കുമോ ;

ഉത്തരം

(എ&ബി)) മുല്ലപ്പെരിയാർ അണക്കെട്ടിലെ 155 അടി ഉയരം വരെയുള്ള കോണ്ടൂർ ലൈനിൽ ചുറ്റപ്പെട്ട പ്രദേശത്തെയോ, അതിലൂടെയോ, അതിൽ നിന്നോ ഒഴുകുന്നജലം മുഴുവൻ തമിഴ്നാട് കൊണ്ടുപോകുന്നുണ്ട്. ഏകദേശം 22 Tmcft ജലം വർഷന്തോറും മുല്ലപ്പെരിയാറിൽ നിന്നും തമിഴ്നാടിന് ലഭിക്കുന്നു.

1970-ൽ ഒപ്പുവച്ച പറമ്പിക്കുളം-ആളിയാർ പദ്ധതി കരാർ പ്രകാരം പെരിയാർ, ചാലക്കുടി, ഭാരതപ്പുഴ എന്നീ നദീതടങ്ങളിലെ ജലം കേരളവും തമിഴ്നാടും പങ്കുവയ്ക്കുന്നുണ്ട്. ഇതിൻപ്രകാരം പെരിയാർ നദീതടത്തിലെ നീരാർ വിയറിൽനിന്നും ഒക്ടോബർ 1 മുതൽ ജനുവരി 31 വരെയുള്ള കാലാവധിയൊഴികെയുള്ള മുഴുവൻ സമയത്തെയും ജലം തമിഴ്നാട് കൊണ്ടു പോകുന്നു.

ചാലക്കുടി നദീതടത്തിൽ നിന്ന് ഓരോ വർഷവും കേരളത്തിന് അവകാശപ്പെട്ട 12.3 Tmcft ജലം ഒഴികെയുള്ള ജലം മുഴുവൻ തമിഴ്നാടിന് ഉപയോഗിക്കാവുന്നതാണ്.

ലോവർ നീരാർ ഡാമിന്റെയും പറമ്പിക്കുളം, പെരുവാരിപ്പള്ളം, തൂണക്കടവ് ഡാമിന്റെയും വൃഷ്ടി പ്രദേശത്തുള്ള ജലം ഒരുമിച്ചു കണക്കാക്കി 16.5 Tmcft വരെയുള്ള മുഴുവൻ ജലവും തമിഴ്നാടിന് ലഭിക്കുന്നു.

1973-ലെ ശിരുവാണി കുടിവെള്ള പദ്ധതികരാർ പ്രകാരം ശിരുവാണി ഡാമിൽ നിന്നും പ്രതിവർഷം 1.3 Tmcft യിൽ കവിയാത്ത ജലം തമിഴ്നാടിന് നൽകുന്നുണ്ട്. മുല്ലപ്പെരിയാർ ഡാമിൽ നിന്ന് 2009-ൽ 18.84 Tmcft ജലവും ശിരുവാണിയിൽനിന്ന് 2009-10-ൽ 1.10057 Tmcft ജലവും പറമ്പിക്കുളം,

പെരുവാരിപ്പള്ളം, തൂണക്കടവ് ഡാമുകളിൽ നിന്ന് 2009-10 ജലവർഷം 10.217 Tmcft ജലവും നൽകിയിട്ടുണ്ട്.

ജലം തമിഴ്നാടിന് നൽകുന്നത് വാണിജ്യാടിസ്ഥാനത്തിലല്ലാത്തതിനാൽ വില കണക്കാക്കിയിട്ടില്ല.

(സി) മുല്ലപ്പെരിയാർ ഡാമിൽനിന്നും കൊണ്ടുപോകുന്ന ജലം ഉപയോഗിച്ച് തമിഴ്നാട് ഉത്പാദിപ്പിക്കുന്ന വൈദ്യുതിയുടെ തോതനുസരിച്ച് 2009-10-ൽ 2,57,789 രൂപ റോയൽറ്റി ഇനത്തിൽ ലഭിച്ചിട്ടുണ്ട്. ശിരുവാണി ഡാം, അനുബന്ധകെട്ടിടങ്ങൾ, റോഡ് എന്നിവയുടെ നിർമ്മാണം, പരിപാലനം എന്നിവയ്ക്കാവശ്യമായ മുഴുവൻ തുകയും തമിഴ്നാട് നൽകുന്നുണ്ട്.

കമ്മീഷൻ ചെയ്ത ജല വിതരണ പദ്ധതികൾ

89 (686) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതൊക്കെ ജലവിതരണ പദ്ധതികളാണ് കമ്മീഷൻ ചെയ്ത് പ്രവർത്തനം ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ ;

(ബി) ഏതൊക്കെ പദ്ധതികളാണ് ഭാഗീകമായി കമ്മീഷൻ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഇനിയും പൂർത്തീകരിക്കാത്ത ഏതൊക്കെ പദ്ധതികളാണ് നിർമ്മാണത്തിലിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഈ പദ്ധതികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ 67 വൻകിട ശുദ്ധജല വിതരണ പദ്ധതികളും 222 ചെറുകിട ശുദ്ധജല വിതരണ പദ്ധതികളും പൂർത്തിയാക്കിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി (അനുബന്ധം1) * ചേർക്കുന്നു. കൂടാതെ കേരള വാട്ടർ അതോറിറ്റി 'ജിക്ക' യുടെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന കേരള വാട്ടർ അതോറിറ്റി പ്രോജക്റ്റിൽ ഉൾപ്പെട്ട 5 പദ്ധതികളിൽ തിരുവനന്തപുരം നഗര മേഖലയിലെ ശുദ്ധജല വിപുലീകരണ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ പൂർത്തീകരിച്ച് 18-5-2010-ൽ ഭാഗീകമായി കമ്മീഷൻ ചെയ്തു. ഇതു കൂടാതെ സുനാമി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി 95 പദ്ധതികളും പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭാഗീകമായി കമ്മീഷൻ ചെയ്ത പദ്ധതികൾ.

LIBRARY ARCHIVES Kerala Legislative Assembly